കഥ

# റസൂൽ അമീൻ

## പുനത്തിൽ കുഞ്ഞബ്ദുല്ല

**ഇതൊരു** മീൻകാരന്റെ കഥയാണ്.

കടൽത്തീരത്തുനിന്ന് അഞ്ച് നാഴിക അകലെയാണ് മീൻകാരന്റെ വീട്. വീട്ടിൽ ഉമ്മയും ഭാര്യയും അഞ്ച് മക്കളുമുണ്ട്.

കൊറ്റിയുദിക്കുന്നതിനുമുമ്പ് എഴുന്നേൽക്കണമെന്നു ഉദ്ദേശിച്ചുകൊണ്ടാണ് മീൻകാരൻ ഉറങ്ങാൻ കിടക്കുക. പകലത്തെ ഓട്ടവും ചാട്ടവും നിമിത്തം ക്ഷീണിച്ചവശനായ മീൻകാരൻ ഉണരുമ്പോഴേക്കും നേരം പുലർന്നിരിക്കും. പച്ചവെള്ളം പോലും കുടിക്കാതെ തന്റെ കാവടിയുമായി മീൻകാരൻ കടപ്പുറത്തേക്കോടും. കാരണം അൽപം താമസിച്ചുപോയാൽ പിന്നെ മീൻ കിട്ടുകയില്ല. അഞ്ചുമണിയാവുമ്പോഴേക്കും തോണികൾ മുഴുവൻ കരയടുപ്പിച്ചിരിക്കും. അടുപ്പിച്ച ഉടനെ മീൻ വിറ്റഴിയുകയും ചെയ്യും.

മിക്ക ദിവസവും മീൻകാരൻ എത്തുമ്പോഴേക്കും നല്ല മീനെല്ലാം ആണുങ്ങൾ കൊണ്ടുപോയിരിക്കും. ബാക്കി വന്ന പരൽ മീനുകളായിരിക്കും അവന് കിട്ടുക. അതും കൊട്ടകളിൽ നിറച്ചുകൊണ്ട് അവൻ 'ഐല' 'ഐല' 'ഐല' എന്ന് കൂവിക്കൊണ്ട് സന്ധ്യയാകുന്നതുവരെ ഊടുവഴികളിലൂടെ കാവുമേന്തി ഓടി നടക്കും. അവന്റെ ഇടപാടുകാരെല്ലാം അവന്റെ വരവും കാത്തിരിക്കും. കാരണം ഏറ്റവും ആദായവിലയ്ക്ക് മീൻ വിൽക്കുന്ന മീൻകാരനാണ് അവൻ.

മീനെല്ലാം വിറ്റ് കണക്കു കൂട്ടിയാൽ വലിയ ലാഭമൊന്നും ഉണ്ടാവുകയില്ല. കുറെ കടമായും പോയിട്ടുണ്ടാകും. കടം മിക്കവാറും തിരിച്ചു കിട്ടാറുമില്ല. കടം തിരിച്ചു തരാത്തവരെല്ലാം നബി(സ)യുടെ ഉമ്മത്തികളായതുകൊണ്ടു അവന് അതിൽ പരിഭവമോ പരാതിയോ ഇല്ല.

അരിയും ഉപ്പും മുളകും, ബാക്കി വന്ന പരൽമീനുമായി വീട്ടിലെത്തുമ്പോൾ വിശന്നുവലഞ്ഞ കുഞ്ഞുങ്ങൾ ഉറങ്ങിയിട്ടുണ്ടാവും. ഉണർന്നിരിക്കുന്ന ഭാര്യ തിരക്കിട്ട് അരണ്ട വെളിച്ചത്തിൽ ചോറും മീൻകറിയും ഉണ്ടാക്കും. ഉറങ്ങിക്കിടക്കുന്ന കുട്ടികളെ വിളിച്ചുണർത്തി ഓരോ പിടി ചോറു തിന്നുമ്പോഴേക്കും മണി പത്തോ പതിനൊന്നോ ആയിക്കാണും. അതോടെ മീൻകാരൻ കട്ടിലിൽ വീഴുകയും വീണ ഉടനെ ഉറക്കം അവനെ അനുഗ്രഹിക്കുകയും ചെയ്യും.

അങ്ങനെ പതിവുപോലെ ഇന്നലെ അവൻ ഉറങ്ങിക്കൊണ്ടിരുന്നപ്പോൾ ഒരു സ്വപ്നം കണ്ടു.

അവന്റെ കട്ടിലിന്നരികിൽ ഒരു വെളിച്ചം. വെളിച്ചത്തിൽ അവൻ ഒരു മലക്കിനെ കണ്ടു. ആദ്യം അവൻ ഒന്നു ഞെട്ടി. മലക്കാണല്ലോ എന്നു മനസ്സിലായപ്പോൾ ആശ്വാസമായി.

മലക്ക് തടിച്ച പുസ്തകത്തിൽ എന്തോ എഴുതിക്കൊണ്ടിരിക്കുകയാണ്. എഴുതിത്തീർന്നു പുസ്തകം അടച്ചുവെച്ചപ്പോൾ മീൻകാരൻ ചോദിച്ചു:

"അല്ലയോ മലക്കേ, താങ്കൾ ഇതുവരെ എന്താണ് എഴുതിക്കൊണ്ടിരുന്നത്?"

"നബിതിരുമേനിയെ സ്നേഹിക്കുന്നവരുടെ പേരുകൾ"– മലക്ക് പറഞ്ഞു.

"അതിൽ എന്റെ പേരുണ്ടോ?" മീൻകാരൻ ഉത്കണ്ഠയോടെ ചോദിച്ചു.

ദൈവദൂതൻ പുസ്തകം ഒരാവർത്തി വായിച്ചു. എന്നിട്ട് പറഞ്ഞു:

"ഇല്ല, താങ്കളുടെ പേര് ഇതിലില്ല."

മീൻകാരന് ജീവിതത്തിൽ ഇത്രയും നിരാശ തോന്നിയ ഒരു അവസരമുണ്ടായിട്ടില്ല. 'യാ റസൂൽ', 'യാ റസൂൽ' എന്നതാണ് മീൻകാരന്റെ വചനം. റസൂലിനെയും റസൂലിന്റെ വിശ്വാസികളെയും ഇത്രയും സ്നേഹിക്കുന്ന തന്റെ പേര് ആ ഗ്രന്ഥത്തിലില്ലെന്നറിഞ്ഞപ്പോൾ മീൻകാരൻ മനംനൊന്തു കരഞ്ഞു.

പിറ്റേ ദിവസത്തെ ഉറക്കത്തിലും മീൻകാരൻ അതേ സ്വപ്നം കണ്ടു. അതേ പ്രകാശം. അതേ ദൈവദൂതൻ. അദ്ദേഹം എന്തോ എഴുതിക്കൊണ്ടിരിക്കുന്നു. അന്നത്തെ പുസ്തകം പച്ച നിറത്തിലുള്ളതാണ്. എഴുതിത്തീർന്ന് പുസ്തകം അടച്ചുവെച്ചപ്പോൾ മീൻകാരൻ ചോദിച്ചു:

"അങ്ങ് എന്താണ് ഇത്രയും നേരം എഴുതിക്കൊണ്ടിരുന്നത്?"

"റസൂൽ അമീൻ സ്നേഹിക്കുന്നവരുടെ പേരുകൾ," ദൈവദൂതൻ പറഞ്ഞു.

"എന്റെ പേര് അതിലുണ്ടോ?" വലിയ പ്രതീക്ഷയൊന്നും കൂടാതെ മീൻകാരൻ ചോദിച്ചു.

ദൈവദൂതൻ ഗ്രന്ഥം അവന്റെ കൈയിൽ കൊടുത്തു.

മീൻകാരന് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല.

ഒന്നാമത്തെ പേർ അവന്റേതാണ്.

(ചെറുപ്പത്തിൽ വായിച്ച ഒരു ഇംഗ്ലീഷ് കഥയോ കവിതയോ ആണ് ഈ കഥക്ക് അവലംബം. കൃതിയുടെ പേരോ ഗ്രന്ഥകർത്താവിന്റെ പേരോ ഓർമയില്ല.)